**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 337** **18-03-2025 - ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിന്റെ നിക്ഷേപക സൗഹൃദ ഘടന ശക്തിപ്പെടുത്തുന്നതിനായി ആഗോള നിക്ഷേപകരെയും ഈ മേഖലയിലെ വിദഗ്ധരെയും നയരൂപീകരണ വിദഗ്ധരെയും ഒരുമിച്ച് കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേരളത്തിലെ നിക്ഷേപ സാധ്യതകളെ ദേശീയ-അന്താരാഷ്ട്ര നിക്ഷേപകർക്ക് പരിചയപ്പെടുത്തുന്നതിനായി മന്ത്രിസഭാ തീരുമാനപ്രകാരം സർക്കാർ സംഘടിപ്പിച്ച ഉച്ചകോടിയാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025. 2025 ഫെബ്രുവരി 21-22 തീയതികളിൽ കൊച്ചിയിൽ വിജയകരമായി നടത്തപ്പെട്ട ഈ സുപ്രധാന ഉച്ചകോടി, കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും നിക്ഷേപ സമാഹരണത്തിനും വ്യവസായ വളർച്ചക്കുമുള്ള രൂപരേഖ നൽകിക്കൊണ്ട് നവകേരള നിർമ്മിതിയിലേക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികകല്ലാണ്. സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ നയങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, വ്യവസായ-നൈപുണ്യം, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങൾ, അതിന്റെ സാധ്യതകൾ എന്നിവയെക്കുറിച്ച് സമഗ്രമായ അവബോധം നൽകുന്നതിനുള്ള ഒരു പ്ലാറ്റ്ഫോമായാണ് ഈ ഉച്ചകോടി രൂപകൽപ്പന ചെയ്തത്. വ്യാവസായിക വികസനത്തിനായി യുണൈറ്റഡ് കേരള എന്ന സന്ദേശം നൽകാൻ ഈ ഉച്ചകോടിക്ക് സാധിച്ചുവെന്നത് മാത്രമല്ല കേരളത്തിന്റെ വ്യാവസായിക മുന്നേറ്റം ലോകശ്രദ്ധയിലേക്കെത്തിക്കുന്നതിനും ഇത് വഴിയൊരുക്കി. സുസ്ഥിര വികസനം, ഡിജിറ്റൽ ഇന്നോവേഷൻ, ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകി സംസ്ഥാനത്തിന്റെ തന്ത്രപ്രധാനമായ വ്യാവസായിക വളർച്ചയ്ക്ക് |

കരുത്തേകുന്ന ചർച്ചകൾക്കുള്ള വിശാലമായ വേദിയായിരുന്നു ഇത്.

26 രാജ്യങ്ങളിലെ പ്രതിനിധികൾ, 4000ത്തോളം വ്യവസായ പ്രമുഖർ/സ്റ്റാർട്ടപ്പുകൾ/ഇൻവെസ്റ്റേഴ്സ്, 115 എക്സിബിഷനുകൾ, 25-ലധികം സെഷനുകൾ/കൺട്രി സെഷനുകൾ, ബി 2ബി മീറ്റിംഗുകൾ തുടങ്ങിയവ നടത്തപ്പെട്ടതിലൂടെ ഈ ഉച്ചകോടി വ്യവസായ മേഖലയിലെ പ്രമുഖർ, ആഗോള നിക്ഷേപകർ ഈ മേഖലയിലെ വിദഗ്ധർ നയരൂപീകരണ വിദഗ്ധർ എന്നിവരെ ഒരുമിച്ച് കൊണ്ടുവരാനുള്ള വേദിയായിമാറി. പ്രസ്തുത ആഗോള നിക്ഷേപ സംഗമത്തിൽ കേന്ദ്ര റോഡ്, ഗതാഗത, ഹൈവേ മന്ത്രി ശ്രീ. നിതിൻ ഗഡ്കരി, കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി ശ്രീ. പീയുഷ് ഗോയൽ, കേന്ദ്ര നൈപുണ്യ വികസന, സംരംഭകത്വ മന്ത്രിയും കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയുമായ ശ്രീ. ജയന്ത് ചൗധരി, യു.എ.ഇ. സാമ്പത്തിക മന്ത്രി ശ്രീ. അബ്ദുള്ള ബിൻ തൗഖ് അൽ മാരി, ബഹ്റൈൻ വ്യവസായ വാണിജ്യ മന്ത്രി ശ്രീ. അബ്ദുള്ള ബിൻ ആദിൽ ഫഖ്റോ, പ്രതിപക്ഷ നേതാവ് ശ്രീ. വി.ഡി. സതീശൻ, പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. യൂസഫ് അലി, തുടങ്ങി അനേകം വ്യക്തികൾ ടി പരിപാടിയിൽ പ്രധാന അതിഥികളായി പങ്കെടുക്കുകയും കൂടാതെ ഓർക്ല, മാനേ, ഐ.ബി.എം, കാനു ഷിപ്പിങ്, ഷറഫ് ഗ്രൂപ്, എൻ.ആർ.ഡബ്ല്യൂ ഗ്ലോബൽ, ഇലാക്, ആമസോൺ വെബ് സെർവിസ്സ്, എൽടോർക്ക്, സിസ്കോ, ഡി.പി. വേൾഡ്, ബ്ലാക്സ്റ്റോൺ തുടങ്ങി ഒട്ടനവധി വിദേശ കമ്പനികളുടെ പ്രതിനിധികളും പങ്കെടുത്തു.

പ്രസ്തുത ഉച്ചകോടിയിൽ 419ൽ പരം താല്പര്യ പത്രങ്ങളിലൂടെ 1,65,928 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തേക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. ഈ നിക്ഷേപതാൽപര്യങ്ങളെ നിക്ഷേപങ്ങളാക്കി മാറ്റുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ലഭ്യമായ എല്ലാ താൽപര്യപത്രങ്ങളും വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. ഉടൻ ആരംഭിക്കാൻ സാധിക്കുന്നത്, നിശ്ചിത സമയത്തിനുള്ളിൽ ആരംഭിക്കാൻ സാധിക്കുന്നത് എന്നിങ്ങനെ താൽപര്യപത്രങ്ങളെ തരംതിരിക്കും. വ്യവസായവുമായി ബന്ധപ്പെട്ട് ലഭ്യമായ പ്രോജക്ടുകളിൽ 50 കോടിക്ക് താഴെയുള്ള സംരംഭങ്ങളിൽ ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസിന്റെ നേതൃത്വത്തിൽ ടീമിനെ രൂപീകരിച്ച് സൂക്ഷ്മ

| | | | |
|---|---|---|---|
| | | | പരിശോധന നടത്തും. 50 കോടിക്ക് മുകളിലുള്ളവയുടെ നോഡൽ ഓഫീസറായി സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രവർത്തിക്കും. ഇവയെ ഏഴ് മേഖലകളാക്കി തിരിക്കും. ഏഴ് മേഖലകളിൽ മാനേജർമാർക്ക് കീഴിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 7 ഗ്രൂപ്പുകൾ രൂപീകരിക്കും. ഏഴ് ഗ്രൂപ്പിനും ഉപയോഗിക്കാൻ കഴിയാവുന്ന വിധത്തിൽ മേഖല തിരിച്ച് 12 വിദഗ്ധരെയും നിയമിക്കും. ഇതിന് പ്രത്യേകം ഡാഷ്ബോർഡിലൂടെ സാധ്യമായ എല്ലാ വിവരങ്ങളും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതാണ്.<br><br>പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട അനുമതികൾ വേഗത്തിൽ ലഭ്യമാക്കാൻ ചീഫ് സെക്രട്ടറി തലത്തിൽ സെക്രട്ടറി തല കമ്മിറ്റി ഉണ്ടാകും. അനുമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആയിരിക്കും വേഗത്തിൽ ഏകോപനം നടത്തുന്നത്.<br><br>സമ്മിറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാക്കിയിട്ടുണ്ട്. സമ്മിറ്റിന്റെ നിർദ്ദേശം കണക്കിലെടുത്ത് വ്യവസായിക ആവശ്യങ്ങൾക്ക് നൽകാൻ കഴിയുന്ന ഭൂമി ആരുടെയെങ്കിലും കൈവശമുണ്ടെങ്കിൽ അത്തരം ഭൂമിയുടെ വിവരങ്ങൾ കൂടി ആപ്പിൽ ലഭ്യമാകും. ഭൂമി ആവശ്യമായ വ്യവസായികൾ ആപ്പ് വഴി നേരിട്ട് ബന്ധപ്പെടാവുന്നതാണ്. കിൻഫ്ര, കെ.എസ്.ഐ.ഡി.സി, സർക്കാർ എസ്റ്റേറ്റുകൾ, സർക്കാർ അംഗീകൃത സ്വകാര്യ ഇൻഡസ്ട്രിയൽ പാർക്കുകൾ എന്നിവയുടെ വിവരങ്ങൾ കൂടി ആപ്പിൽ ലഭ്യമാക്കും. ഒപ്പം പ്രൈവറ്റ് ഇന്റസ്ട്രിയൽ പാർക്കുകളുടെയും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളുടെയും ഭൂമി ലഭ്യതയും ഈ ആപ്പിൽ ലഭ്യമാക്കും. നിയമപരമായി നടത്താൻ സാധിക്കുന്ന എല്ലാ താൽപര്യപത്രങ്ങളും എത്രയും പെട്ടെന്ന് തന്നെ പ്രായോഗികമാക്കാൻ ആണ് സർക്കാർ ശ്രമിക്കുന്നത്. പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ രണ്ടാഴ്ച കൂടുമ്പോൾ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നു. ബഹു. വ്യവസായ മന്ത്രിയുടെ നേതൃത്വത്തിൽ എല്ലാമാസവും പുരോഗതി വിലയിരുത്തുന്നതാണ്. |
| (ബി) | ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയിലൂടെ സംസ്ഥാനത്തിന്റെ വ്യാവസായികരംഗത്ത് വൻകിട നിക്ഷേപങ്ങൾ കടന്നുവരാൻ സാഹചര്യം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | (എ) പിരിവിനുള്ള മറുപടി കണ്ടാലും |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഉച്ചകോടിയിലെ തീരുമാനങ്ങളും ധാരണകളും സമയബന്ധിതമായി നടപ്പിലാക്കുവാൻ വ്യക്തമായ ഘടനയുള്ള സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (ഡി) | നിക്ഷേപ സൗഹൃദ സൂചികയിൽ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ട പരിഷ്കാരങ്ങളിൽ 99 ശതമാനവും കേരളം പൂർത്തിയാക്കിയിട്ടുണ്ടോ; ഏറ്റവും എളുപ്പത്തിൽ വ്യവസായം ആരംഭിക്കുന്നതിന് നിയമപരവും സാങ്കേതികവുമായ പിൻബലമൊരുക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. സംസ്ഥാനങ്ങളെയും, കേന്ദ്ര ഭരണ പ്രദേശങ്ങളെയും അവയുടെ വ്യവസായ സൗഹൃദ അന്തരീക്ഷം വിലയിരുത്തുന്നതിനായി കേന്ദ്ര വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേർണൽ ട്രേഡ് നിലവിൽ സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനുകളെന്ന സൂചികയാണ് ഉപയോഗിക്കുന്നത്. ഇപ്പോൾ അതിന്റെ 2024 പതിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് രാജ്യമൊട്ടാകെ നടന്നുകൊണ്ടിരിക്കുന്നത്. 21 വകുപ്പുകളിൽ 49 ഏരിയകളിലായി 435 പരിഷ്കരണങ്ങൾ ഉണ്ടായിരുന്ന 2024-ലെ ആക്ഷൻ പ്ലാനിലെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി തെളിവുകൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി March 15, 2025 ആണ്. എന്നാൽ ഇതിനകം തന്നെ സംസ്ഥാനം 435 പരിഷ്കരണങ്ങളുടെ തെളിവുകളും കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. മേൽ പറഞ്ഞ പരിഷ്കരണങ്ങൾ നടപ്പിലാക്കിയ വകുപ്പുകളുടെ ഉപഭോക്താക്കളുടെ വിവരങ്ങളും ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിലേക്ക് നൽകിയിട്ടുണ്ട്. മാർച്ച് 15-ന് ശേഷം കേന്ദ്ര സർക്കാർ ഓരോ പരിഷ്കരണങ്ങൾക്കും സംസ്ഥാനങ്ങൾ സമർപ്പിച്ച തെളിവുകൾ പരിശോധിക്കുകയും, അതിനോടൊപ്പം നൽകിയിട്ടുള്ള ഉപഭോക്താക്കളുടെ ഇടയിൽ അഭിപ്രായ സർവ്വേ നടത്തുകയും ചെയ്യും. 30% മാർക്ക് പരിഷ്കരണം നടപ്പിലാക്കലിനും, 70% മാർക്ക് അഭിപ്രായ സർവ്വേയിലെ പ്രതികരണങ്ങൾക്കും എന്ന രീതിയിലാണ് ഇത്തവണത്തെ പരിശോധന മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ നിന്നും ലഭിക്കുന്ന പ്രതികരണങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പരിഷ്കരണങ്ങൾ സംസ്ഥാനങ്ങളിൽ നടപ്പിൽ വരുത്തിയത് കേന്ദ്ര സർക്കാർ വിലയിരുത്തുകയും, സംസ്ഥാന വ്യവസായ സൗഹൃദ അന്തരീക്ഷത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുകയും ചെയ്യുന്നത്.<br><br>സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ |

കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഈ വിധം എല്ലാ അനുമതികളും പരമാവധി 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കാൻ കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 22 വിവിധ വകുപ്പുകളുടെ 120-ഓളം അനുമതികളും ലൈസൻസുകളും ഈ സംവിധാനം വഴി സംരംഭകന് ലഭ്യമാകും. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പം തന്നെ നിലവിലുള്ളവയുടെ അനുമതികൾ പുതുക്കിനൽകുന്നതിനും കെ-സ്വിഫ്റ്റ് സജ്ജമാണ്. ഇതോടൊപ്പം 2019-ൽ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നരവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് കൈപ്പറ്റ് സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും. പ്രസ്തുത നിയമത്തിന് കീഴിൽ നാളിതുവരെ 68,580 സംരംഭങ്ങൾക്ക് കൈപ്പറ്റ് സാക്ഷ്യപത്രങ്ങൾ കെ-സ്വിഫ്റ്റിലൂടെ നല്കിയിട്ടുണ്ട്.

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി കെ-സിസ് (Kerala Centralised Inspection System) എന്ന ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 4 വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്.

വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനും വേണ്ടി നിയമപിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ

| | | | |
|---|---|---|---|
| | | | രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ജില്ലാതലങ്ങളിലും സംസ്ഥാനതലത്തിലും പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചത്. ഇതിനായി ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കി മാറ്റുന്നതിനായി സംസ്ഥാനം കൈക്കൊണ്ട വിവിധ നിയമപരവും സാങ്കേതികവുമായ നടപടികൾ ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടുണ്ടെന്നാണ് സംരംഭക മേഖലയിലുണ്ടായ മുന്നേറ്റം വ്യക്തമാക്കുന്നത്. |

സെക്ഷൻ ഓഫീസർ